**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3664** **26-10-2021 - ൽ മറുപടിയ്ക്ക്**

**ഭാരത് രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | ഭാരത് രജിസ്ട്രേഷൻ നിലവിൽ വരുമ്പോൾ നികുതി വെട്ടിപ്പ് തടയാൻ സംസ്ഥാനം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സർക്കാർ ഉദ്യോഗസ്ഥർ, ഇന്ത്യയിൽ ഏറ്റവും കുറഞ്ഞത് 4 സംസ്ഥാനങ്ങളിലെങ്കിലും ശാഖകളുള്ള പ്രൈവറ്റ് കമ്പനികൾ പൊതുമേഖല സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർ എന്നിവർ വാങ്ങുന്ന വാഹനങ്ങൾക്കാണ് BH - സീരിസിലുള്ള രജിസ്ട്രേഷൻ നമ്പർ അനുവദിക്കുന്നത്. ഇത്തരം വാഹനങ്ങൾക്ക് കേന്ദ്ര മോട്ടോർ വാഹന ചട്ടം 51(B) അനുസരിച്ചാണ് കേന്ദ്ര സർക്കാർ നികുതി നിശ്ചയിച്ചത്. 'BH' series - ൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുമ്പോൾ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന അപേക്ഷകർ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 47(1)(ca) അനുശാസിക്കുന്ന പ്രകാരം സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയ working certificate form 60 - ൽ ഹാജരാക്കണമെന്നും പ്രസ്തുത ചട്ടത്തിലെ (cb) വ്യവസ്ഥ പ്രകാരം സർക്കാർ ഉദ്യോഗസ്ഥർ അവരുടെ ഓഫീസ് ഐഡന്റിറ്റി കാർഡിന്റെ പകർപ്പ് ഹാജരാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. വ്യാജ രേഖകൾ ഹാജരാക്കി വാഹനങ്ങൾ രജിസ്റ്റർ ചെയ്തു എന്നു കണ്ടുപിടിക്കപ്പെട്ടാൽ കേന്ദ്ര മോട്ടോർ വാഹന നിയമം സെക്ഷൻ 192 B പ്രകാരം വാഹന ഉടമയ്ക്കെതിരെയും ഡീലർക്കെതിരെയും ശിക്ഷാ നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്. ഇത്തരം നിയമ ലംഘനത്തിന് ആറുമാസത്തിൽ കുറയാതെ തടവും വാഹനത്തിന്റെ വാർഷിക നികുതിയുടെ 10 ഇരട്ടിയ്ക്ക് തുല്യമായ തുക അഥവാ ഒറ്റത്തവണ നികുതിയുടെ മൂന്നിൽ രണ്ട് ഭാഗത്തിനു തുല്യമായ തുക ഇവയിൽ ഏതാണോ കൂടുതൽ ആയത് പിഴയായി ഈടാക്കുന്നതാണ്. GST ഒഴികെയുള്ള വാഹന വിലയ്ക്ക് 15 വർഷത്തെ ഒറ്റത്തവണ നികുതിയായി 8 ശതമാനം മുതൽ 12 ശതമാനം വരെ പെട്രോൾ വാഹനങ്ങൾക്കും 10 ശതമാനം മുതൽ 14 ശതമാനം വരെ ഡീസൽ വാഹനങ്ങൾക്കും 6 ശതമാനം മുതൽ |

| | | | |
|---|---|---|---|
| | | | 10 ശതമാനം വരെ ഇലക്ട്രിക് വാഹനങ്ങൾക്കും കേന്ദ്ര സർക്കാർ നികുതി നിശ്ചയിച്ചിട്ടുണ്ട്. മേൽ പറഞ്ഞ വിഭാഗക്കാർക്ക് മാത്രമായി BH സീരിസിലുള്ള രജിസ്ട്രേഷൻ നിജപ്പെടുത്തി നൽകിയിരിക്കുന്നതിനാൽ ടി നിരക്കിലുള്ള നികുതി അടച്ചാൽ മാത്രമേ വാഹനം രജിസ്റ്റർ ചെയ്യുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ നികുതി വെട്ടിക്കുവാൻ സാധിക്കുകയില്ല. എന്നാൽ സംസ്ഥാനത്ത് നിലവിലുള്ള നിയമം അനുസരിച്ച് വാഹനങ്ങളുടെ ഒറ്റത്തവണ നികുതി GST ഉൾപ്പെടെയുള്ള വിലയുടെ 9 ശതമാനം മുതൽ 21 ശതമാനം വരെ ആയതിനാൽ Bharat Registration (BH) വാഹനങ്ങൾക്ക് സംസ്ഥാനങ്ങളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന നികുതിയിൽ കുറവുണ്ടാകും. |
| (ബി) | വാഹനങ്ങളുടെ കൈമാറ്റത്തിനും ഹൈപ്പൊതിക്കേഷൻ മാറുവാനും ഓൺലൈനിൽ അപേക്ഷ നൽകിയാലും ആർ.സി.ബുക്കും രേഖകളും ആർ.ടി.ഓഫീസിൽ എത്തിക്കണമെന്ന നിബന്ധന നിലവിലുണ്ടോ; ആയത് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ; എന്നുമുതലാണ് ഉത്തരവ് നിലവിൽ വന്നതെന്ന് വിശദീകരിക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | 23/09/2021 ലെ സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നം. 324/2021/ഗതാഗതം പ്രകാരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഓഫീസുകളിൽ എത്തിക്കാതെ തന്നെ ഓൺലൈൻ അപേക്ഷയുടെ അടിസ്ഥാനത്തിൽ സേവനങ്ങൾ അതിവേഗം നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിനായി സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനായി software ഡെവലപ്പ് ചെയ്ത NIC (National Informatic centre)യോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. ആയത് പരിഹരിയ്ക്കുന്ന മുറയ്ക്ക് ടി ഉത്തരവ് നടപ്പിലാക്കുന്നതാണ്. |
| (സി) | ചെക്ക്പോസ്റ്റുകൾ നിർത്തലാക്കാൻ കേന്ദ്ര നിർദ്ദേശമുണ്ടോ; സംസ്ഥാനം ഇക്കാര്യം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ? | (സി) | സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിന്റെ ചെക്ക് പോസ്റ്റുകൾ ഒഴിവാക്കുന്നത് സംബന്ധിച്ച് നിലവിലെ സാഹചര്യം അറിയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഗതാഗത വകുപ്പിൽ നിന്നും നിർദ്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഗതാഗത വകുപ്പ് സെക്രട്ടറി, ഗതാഗത കമ്മീഷണർ എന്നിവരുടെ ഒരു യോഗം ഈ വിഷയം ചർച്ച ചെയ്തു. മറ്റ സംസ്ഥാനങ്ങളിലെ ഇക്കാര്യത്തിലുള്ള നിലവിലെ സ്ഥിതി കൂടി വിലയിരുത്തി ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ